"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2020-21 സാമ്പത്തിക വർഷം ആര്യങ്കാവ് വില്ലേജ് ഓഫീസിന് നവീകരണം വഴി സ്മാർട്ട്, അറ്റകുറ്റപ്പണി എന്നീ പ്രവൃത്തികൾക്കായി അനുവദിച്ച ഭരണാനുമതി പുനലൂർ താലൂക്കിലെ നവീകരണ പ്രവർത്തനങ്ങൾക്കായി മാറ്റി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.702/2025/RD തീയതി,തിരുവനന്തപുരം, 22-03-2025

---

പരാമർശം:-

1. 16.10.2020-ലെ സ.ഉ (സാധാ) നം.3169/2020/റവ നമ്പർ സർക്കാർ ഉത്തരവ്.
2. 24.01.2025-ലെ സ.ഉ (സാധാ) നം.204/2025/റവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 25.02.2025 തീയതിയിലെ എൽആർ/352/2021-എൽആർ(എം5) നമ്പർ കത്ത്.

**ഉത്തരവ്**

2020-21 സാമ്പത്തിക വർഷം വില്ലേജ് ഓഫീസുകളുടെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണ പ്രവൃത്തി ചെയ്യുന്നതിനും ഫർണിച്ചറുകൾ വാങ്ങുന്നതിനുമായി പരാമർശം 1 പ്രകാരം കൊല്ലം ജില്ലയിലെ ആര്യങ്കാവ് വില്ലേജ് ഓഫീസിനെ തിരഞ്ഞെടുത്തിട്ടുള്ളതും 19,46,000/- രൂപയുടെ ഭരണാനുമതി നൽകിട്ടുള്ളതുമാണ്. എന്നാൽ പരാമർശം 2 പ്രകാരം ആര്യങ്കാവ് വില്ലേജ് ഓഫീസിനെ സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിനായി തിരഞ്ഞെടുത്ത് ഉത്തരവായിട്ടുള്ള സാഹചര്യത്തിൽ, പരാമർശം 1 പ്രകാരം ലഭ്യമായ നിർമ്മാണ പ്രവൃത്തികൾ ആവശ്യമില്ലായെന്നും ആയത് പുനലൂർ താലൂക്ക് ഓഫീസിന്റെ നവീകരണത്തിനായി മാറ്റി അനുവദിക്കണമെന്ന് കൊല്ലം ജില്ലാ കളക്ടർ ആവശ്യപ്പെട്ടിട്ടുള്ളതായും മേൽ സാഹചര്യത്തിൽ, 2020-21 സാമ്പത്തിക വർഷം ആര്യങ്കാവ് വില്ലേജ് ഓഫീസിന് നവീകരണം വഴി സ്മാർട്ട്, അറ്റകുറ്റപ്പണി എന്നി വിഭാഗങ്ങളിലായി അനുവദിച്ച ഭരണാനുമതി പുനലൂർ താലൂക്കിലെ നവീകരണ പ്രവർത്തനങ്ങൾക്കായി മാറ്റി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശം 3 പ്രകാരം, പുനലൂർ താലൂക്കിൽ നിർവ്വഹിക്കേണ്ടുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് സഹിതം, അഭ്യർത്ഥിക്കുകയുണ്ടായി.

2] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 പ്രകാരം 2020-21 സാമ്പത്തിക വർഷം കൊല്ലം ജില്ലയിലെ ആര്യങ്കാവ് വില്ലേജ് ഓഫീസിന് നവീകരണം വഴി സ്മാർട്ട്, അറ്റകുറ്റപ്പണി എന്നീ പ്രവൃത്തികൾക്കായി അനുവദിച്ച 19,46,000/- രൂപയുടെ ഭരണാനുമതി പുനലൂർ താലൂക്കിലെ നവീകരണ പ്രവർത്തനങ്ങൾക്കായി മാറ്റി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PUSHPAVALLY B
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കൊല്ലം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Sheeba V R
Date: 24-03-2025 11:14:21